# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 6549 — 12-07-2012-ൽ മറുപടിക്ക്

### ഊർജ്ജ സംരക്ഷണ നിയമം നടപ്പാക്കാനുള്ള നോഡൽ ഏജൻസി

ചോദ്യം

ശ്രീ. ശ്രീ. ആർ. സെൽവരാജ്
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. വി.റ്റി. ബൽറാം

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടി കളാണ് സംസ്ഥാനം കൈ കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെൻറിനെ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയായി നാമ നിർദ്ദേശം ചെയ്തു.<br><br>കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി (കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ഫണ്ട് ) രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു കഴിഞ്ഞു.<br><br>01.01.2011 -ലെ G.O. (RT) No. 2/2011/PD നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ HT/EHT ബഹുനില കെട്ടിടങ്ങൾക്കും ഊർജ്ജ ഓഡിറ്റിങ്ങ് നിർബന്ധമാക്കിയിട്ടുണ്ട്.<br><br>എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) ചട്ടമായി വിജ്ഞാപനം പുറപ്പെടുവിക്കാൻ ആവശ്യമായ നടപടി നടന്നു വരുന്നു.<br><br>ഊർജ്ജ സംരക്ഷണ നിയമത്തെക്കുറിച്ചും, ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയേയും, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെയേയുംപ്പറ്റിയുള്ള ബോധ വൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതു സംബന്ധിച്ച ലഘുലേഖകൾ , കൈപ്പുസ്തകങ്ങൾ തുടങ്ങിയവ വിതരണം ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | ഡെസിഗ്നേറ്റഡ് കൺസ്യൂമേഴ്സ്, സർട്ടിഫൈഡ് എനർജി ആഡിറ്റേഴ്സ്/മാനേജേഴ്സ് തുടങ്ങിയ എനർജി കൺസർവേഷൻ ആക്ടിൽ പ്രതിപാദിക്കുന്ന വിഭാഗങ്ങൾക്കായി എല്ലാ വർഷവും പരിശീലന പരിപാടികളും ബോധവല്കരണ പരിപാടികളും നടത്തി വരുന്നു. കാര്യക്ഷമത കൂടിയ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സ്റ്റാർ ലേബലിംഗ് ഉള്ള ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഊർജ്ജസംരക്ഷണനിയമം നടപ്പാക്കാനുള്ള നോഡൽ ഏജൻസിയായി ആരെയാണ് ചുമതപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | എനർജി മാനേജ്മെന്റ് സെന്ററിനെയാണ് ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കാനുള്ള സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | നോഡൽ ഏജൻസിയുടെ പ്രവർത്തന രീതിയും ചുമതലകളും എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) | നിയമ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഉപദേശങ്ങൾ നൽകുകയും ആവശ്യമായ ഉത്തരവുകൾക്കും നടപടികൾക്കുമായി സഹായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.<br>നിയമം നടപ്പിലാക്കുന്ന കേന്ദ്ര ഏജൻസിയായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയും, കേന്ദ്ര സർക്കാരും നിയമ നടത്തിപ്പിന്റെ ഭാഗമായി നടത്തുന്ന പരിപാടികളും പദ്ധതി പ്രവർത്തനങ്ങളും സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിനായി ബോധവല്കരണ പരിപാടികൾ , പരിശീലന പരിപാടികൾ , മാതൃകാ പദ്ധതികൾ നടപ്പിലാക്കൽ എന്നിവ ചെയ്യുന്നു.<br>നിയമം പാലിക്കുന്നത് പരിശോധിക്കുന്നതിനും നടത്തിപ്പ് സംബന്ധമായി ഇൻസ്പെക്ഷനുകൾ നടത്തുന്നതിനും വീഴ്ചകൾക്ക് നിയമ നടപടി എടുക്കുന്നതിനും സംസ്ഥാന ഡെസിഗ്നേറ്റഡ് ഏജൻസികൾക്ക് അധികാരമുണ്ട് ഇത്തരത്തിൽ ഒരു വികസന ഏജൻസിയായും, ഫെസിലിറ്റേറ്ററായും, നിയന്ത്രണാധികാര സമിതിയായും പ്രവർത്തിക്കുന്നു. .<br><br>സെക്ഷൻ ഓഫീസർ. |